(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്നതും സാമ്പത്തികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കാണ് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡവലപ്പമെന്റ് കൺസോർഷ്യത്തിൽ നിന്നും വായ്പാ നൽകുവാൻ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് വേണ്ടിയുള്ള വായ്പകളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 'കൺസോർഷ്യം ലെൻഡിംഗ് സ്കീം' എന്ന സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറായി വരുന്നു.

സംസ്ഥാന സഹകരണബാങ്കിന്റെ ലാഭം

112(328) ശ്രീ. കെ. സി. ജോസഫ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ലാഭം എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്ക് എന്ത് തുക വീതം മാൻഡേറ്ററി റിസർവ്വായി സൂക്ഷിക്കേണ്ടതുണ്ട് ; മേൽപ്പറഞ്ഞ വർഷങ്ങളിൽ പ്രസ്തുത ബാങ്ക് മാൻഡേറ്ററി റിസർവ്വായി എന്ത് തുക വീതം സൂക്ഷിക്കുമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലഘട്ടത്തിൽ ഇത്രയും തുക മാൻഡേറ്ററി റിസർവ്വായി സൂക്ഷിക്കാതിരുന്ന സന്ദർഭം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം ;

(ഡി) ഈ കാലഘട്ടത്തിൽ സംസ്ഥാന സഹകരണ ബാങ്ക് ഏതെല്ലാം ധനകാര്യ ഏജൻസികളിൽ നിന്ന് എന്തു തുക വീതം വായ്പയെടുത്തിട്ടുണ്ട് എന്നും ഇതിനു നൽകേണ്ട പലിശ എത്ര ശതമാനം വീതമായിരുന്നു എന്നും വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം വായ്പയെടുത്ത തുക സംസ്ഥാന സഹകരണ ബാങ്ക് എത്ര ശതമാനം പലിശയ്ക്കാണ് ജില്ലാ ബാങ്കുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കൊടുത്തിരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 1995-96 മുതൽ 1999-2000 വരെയുള്ള കാലയളവിലെ ലാഭം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1995-96	—	1,36,90,337.36 രൂപ
1996-97	—	69,55,244.09 രൂപ
1997-98	—	81,38,208.26 രൂപ
1998-99	—	1,26,12,654.78 രൂപ
1999-2000	—	25,06,306.52 രൂപ

(ബി) ബാങ്കിന്റെ മൊത്തം ബാദ്ധ്യതയുടെ 3% വരുന്ന തുക ക്യാഷ് റിസർവ്വ് റേഷ്യോ ആയും 25% വരുന്ന തുക സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ ആയും സൂക്ഷിക്കേണ്ടതുണ്ട്. മാൻഡേറ്ററി ആയി സൂക്ഷിക്കേണ്ട തുക സൂക്ഷിച്ചിട്ടുണ്ട്.

(സി) മാൻഡേറ്ററി റിസർവ്വായി സൂക്ഷിക്കേണ്ടുന്ന തുക സൂക്ഷിക്കാതിരുന്ന സന്ദർഭം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല.

(ഡി) ഈ കാലഘട്ടത്തിൽ നബാർഡ്, ഐ.ഡി.ബി.ഐ., എൻ.സി.ഡി.സി., എസ്.ബി.ഐ., എസ്.ഐ.ഡി.ബി.ഐ. ഡി.എഫ്.എച്ച്.ഐ., എസ്.ബി.റ്റി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. വായ്പയുടെ വർഷാവസാന തിരിച്ചടവ് ബാക്കി നില്പ് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത വായ്പകൾക്ക് 5.50% മുതൽ 12.50% വരെ വ്യത്യസ്ത നിരക്കിലായിരുന്നു പലിശ നിശ്ചയിച്ചിരുന്നത്.†

(ഇ) 7.25% മുതൽ 13.75% വരെ പലിശയ്ക്കാണ് ബാങ്ക് ഈ തുക മറ്റുള്ളവർക്ക് വായ്പയായി കൊടുത്തിട്ടുള്ളത്.

ഇളങ്കുളം ബാങ്കിലെ അഴിമതി

113(329) ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളങ്കുളം ബാങ്കിലെ ക്രമക്കേട് കണ്ടെത്തിയതിനെതുടർന്ന് ഗവൺമെന്റ് സ്വീകരിച്ച നടപടി എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) എത്രകോടി രൂപയുടെ ക്രമക്കേടുകളാണ് ഇളങ്കുളം ബാങ്കിലും കോട്ടയം ടൂറിസം സൊസൈറ്റിയിലും നടന്നതായി ആക്ഷേപം ഉണ്ടായത് ;

(സി) സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ എത്ര രൂപയുടെ ക്രമക്കേട് നടത്തിയതായി തെളിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ആരെല്ലാമാണ് ഉത്തരവാദികൾ, ഇവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

---

†അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly